<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3585**</u> <u>**15-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**വില കുറച്ചു കാണിച്ചു രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഭൂവുടമകളിൽ നിന്ന് പിഴ ഈടാക്കൽ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | വില കുറച്ചു കാണിച്ചു രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഭൂവുടമകൾക്ക് അതിന്റെ പേരിൽ നോട്ടീസ് അയച്ച് പിഴ അടയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വർഷം വരെയുള്ള ഇടപാടുകാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ നിന്നും നാളിതുവരെ എത്ര വരുമാനം ലഭിച്ചു; വിശദാംശം വ്യക്തമാക്കാമോ; ഇപ്രകാരം പിഴ ഈടാക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ? | (എ) | വില കുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾക്ക് കേരള മുദ്രപത്രനിയമം 1959 വകുപ്പ് 45(ബി) പ്രകാരം കുറവുമുദ്രയും ഫീസും ഈടാക്കുന്നതിന് നോട്ടീസ് അയയ്ക്കുന്നുണ്ട്. വിലകുറച്ച് കാണിച്ച രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ആധാരങ്ങൾക്കും കുറവ് മുദ്രയും ഫീസും ഒടുക്കേണ്ടതുള്ളതിനാൽ അപ്രകാരമുള്ള ഇടപാടുകാർക്കാണ് നോട്ടീസ് അയച്ചു വരുന്നത്. ഇതിലൂടെ നാളിതുവരെ മുദ്രവിലയും ഫീസും ഉൾപ്പെടെ 454.99 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. വസ്തുവിന്റെ വിലയോ പ്രതിഫലമോ കുറച്ച് കാണിച്ചാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ബോധ്യപ്പെട്ടാൽ, കുറവു മുദ്രയും, ഫീസും ഈടാക്കുവാൻ കേരള മുദ്രപത്രനിയമം 1959 -ലെ വകുപ്പ് 45(ബി) പ്രകാരം വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ